# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1229** — **20.03.2012-ൽ മറുപടിക്ക്**

**ആലപ്പുഴ വാടപ്പൊഴി പാലം നിർമ്മാണം.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തീരദേശറോഡിൽ നിർമ്മിക്കുന്ന വാടപ്പൊഴിപ്പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; | (എ) 2012 ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) നിർമ്മാണ എഗ്രിമെന്റ് പ്രകാരം എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നത് എന്നും കാലതാമസത്തിനുള്ളകാരണം എന്തെന്നും അറിയിക്കുമോ ; | (ബി) & (സി) എഗ്രിമെന്റ് പ്രകാരം 17.03.2011-ൽ പണി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ആലപ്പുഴ പട്ടണത്തിലെ പ്രധാന പാലമായ ഇരുമ്പു പാലത്തിന്റെ നിർമ്മാണത്തിൽ പ്രസ്തുത കരാറുകാരൻ ഏർപ്പെട്ടിരുന്നതിനാൽ വാടപ്പൊഴി പാലത്തിന്റെ നിർമ്മാണത്തിന് കാലതാമസമുണ്ടായി. പണി എത്രയും വേഗം പൂർത്തീകരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിരുന്നു. |
| (സി) ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തോ, കരാറുകാരന്റെ ഭാഗത്തോ നിന്നുള്ള അലംഭാവം കൊണ്ടാണോ നിർമ്മാണം സ്തംഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ; | |
| (ഡി) പാലം നിർമ്മാണം മുടങ്ങിയതുമായി ബന്ധപ്പെട്ട പത്രവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) ശ്രദ്ധിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

;